**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 169** **06-07-2022 - ൽ മറുപടിയ്ക്ക്**

**സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ . പി . ഉബൈദുള്ള** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സിൽവർ ലൈൻ പദ്ധതിയുടെ സാമൂഹികാഘാത പഠനം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | 2013 ലെ എൽ.എ.ആർ.ആർ.ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പഠനം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിനായി അതിര് കല്ലുകൾ സ്ഥാപിക്കുന്നത് അവസാനിപ്പിക്കാനും പകരം അതിരുകൾ ജി.പി.എസ്. ഉപയോഗിച്ച് ഡിജിറ്റലായി അടയാളപ്പെടുത്താനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം തീരുമാനമെടുക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ; | (ബി) | കല്ലുകൾ സ്ഥാപിച്ചും ജിയോ ടാഗിംഗ് നടത്തിയുമാണ് സാമൂഹിക ആഘാത പഠനം പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. |
| (സി) | കല്ലിടൽ നടപടി അവസാനിപ്പിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കല്ലിടൽ സംബന്ധിച്ച് എടുത്ത കേസുകൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കല്ലിടൽ പ്രക്രിയ അവസാനിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ